വിക്കിപീഡിയ
സ്വതന്ത്രസർവ്വവിജ്ഞാനകോശം

പത്രക്കുറിപ്പ്

## വിക്കിപീഡിയയിലൂടെ കുട്ടനാട് ലോക ശ്രദ്ധയിലേക്കെത്തും

വിക്കിജലയാത്രയോടെ അറിവിന്റെ ഉത്സവമായ വിക്കിസംഗമോത്സവം സമാപിച്ചു. അലപ്പുഴ മാത ജെട്ടിയിൽ നിന്നും ആരംഭിച്ച യാത്ര കുട്ടമംഗലം, വേണാട്ടുകായൽ, റാണി - ചിത്തിര മാർത്താണ്ഡം, ആർ ബ്ലോക്ക് തുടങ്ങിയ കായൽ നിലങ്ങൾ സ്ഥലങ്ങൾ സന്ദർശിച്ചു. ഡിസംബർ 21 ന് ആലപ്പുഴയിൽ ആരംഭിച്ച മലയാളം വിക്കിമീഡിയരുടെ സംഗമത്തിനെത്തിയ ഇതര ഭാഷാ പ്രതിനിധികൾ അടക്കമുള്ള തെരഞ്ഞെടുത്ത എഴുപതോളം പേരാണ് വേമ്പനാട് തണ്ണീർത്തട പഠനത്തിനായുള്ള ജലയാത്രയിൽ പങ്കെടുത്തത്.

മുരിക്കൻ സ്ഥാപിച്ച ചിത്തിരപ്പള്ളിയിൽ നടന്ന യോഗത്തിൽ വേമ്പനാടിന്റെ പൊതുസ്ഥിതിയെയും ആർ ബ്ലോക്ക്, പാതിരാമണൽ തുടങ്ങിയ വേമ്പനാട്ടിലെ പാരിസ്ഥിതിക വ്യൂഹത്തിന്റെ പ്രത്യേകതകളെയും ഇവ നേരിടുന്ന വെല്ലുവിളികളും സംബന്ധിച്ച ക്ലാസ്സുകൾ നടന്നു. കൃഷി നശിച്ച് ഉപേക്ഷിക്കപ്പെട്ട നിലയിലായ ആർ ബ്ലോക്കിന്റെ ശോചനീയാവസ്ഥ സംഘം നേരിട്ട് കണ്ട് പരിശോധിച്ചു. വേമ്പനാടിന്റെ പാരിസ്ഥിതിക വ്യൂഹം സംബന്ധിച്ച പൂർണ്ണവിവരങ്ങൾ ബഹുജനങ്ങൾക്ക് മുന്നിൽ കൊണ്ടുവരുന്നതിനായി വിക്കിപീഡിയയിലെ തണ്ണീർത്തട സംബന്ധമായ ലേഖനങ്ങൾ വികസിപ്പിക്കുവാനും കുട്ടനാട്ടിലെ വിവിധ കായൽ നിലങ്ങളെ സംബന്ധിച്ചും ജലപരിസ്ഥിതിയെ സംബന്ധിച്ചും പ്രത്യേകം ലേഖനങ്ങൾ ആരംഭിക്കുവാനും സംഘം തീരുമാനിച്ചു.

പ്രമുഖ പരിസ്ഥിതി പ്രവർത്തകരായ എം. ഗോപകുമാർ, ബി. ആനന്ദക്കുട്ടൻ, കെ. കൃഷ്ണകുമാർ തുടങ്ങിയവർ വിവിധ ക്ലാസ്സുകളെടുത്തു. സെന്റർ ഫോർ ഇന്റർനെറ്റ് സൊസൈറ്റി പ്രതിനിധ വിഷ്ണുവർദ്ധൻ, വിക്കിപീഡിയ അഡ്മിനിസ്ട്രേറ്റർമാരായ അഡ്വ. ടി.കെ. സുജിത്, വിശ്വപ്രഭ, സംഘാടക സമിതി ഭാരവാഹികളായ ആർ. രഞ്ജിത്ത്, എൻ. സാനു, തുടങ്ങിയവർ യാത്രയ്ക്ക് നേതൃത്വം നൽകി.

അഡ്വ. ടി.കെ. സുജിത്

(ജന. കൺവീനർ)